(സി) മാതൃകാ അങ്കണവാടി കെട്ടിടം നിർമ്മിക്കുന്നതിനുള്ള 10 സെന്റ് ഭൂമി ലഭ്യമാക്കേണ്ടത് അതാത് തദ്ദേശസ്വയംഭരണ വകുപ്പ് സ്ഥാപനങ്ങളാണ്. സ്ഥലം ലഭ്യമാകാത്തതുകൊണ്ടാണ് അല്ലെങ്കിൽ ലഭ്യമായ സ്ഥലത്ത് തർക്കം നിലനിൽക്കുന്നതുകൊണ്ടോ ആണ് ചില നിയോജകമണ്ഡലങ്ങളിൽ മാതൃകാ അങ്കണവാടി കെട്ടിടം നിർമ്മിക്കാൻ സാധിക്കാത്തത്. കൂടുതൽ സ്ഥലങ്ങളുള്ള മണ്ഡലങ്ങളിൽ ഒന്നിലധികം മാതൃകാ അങ്കണവാടികൾ നിർമ്മിക്കുന്നത് പരിശോധിച്ചുവരുന്നു.

മാതൃകാ അങ്കണവാടി

297 (1670) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യത്തിന് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

നബാർഡ് പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മിച്ച മാതൃകാ അങ്കണവാടികളിൽ എത്രയെണ്ണം പൂർത്തീകരിച്ചിട്ടുണ്ടെന്ന് ജില്ല തിരിച്ച് വിശദമാക്കാമോ ?

ഉത്തരം

ഒരു നിയോജകമണ്ഡലത്തിൽ ഒന്നുവീതം നടപ്പിലാക്കിവരുന്ന മാതൃകാ അംഗൻവാടി കെട്ടിട നിർമ്മാണം NABARD - RIDF സ്കീമിൽ ഉൾപ്പെടുന്നതല്ല. എന്നാൽ, NABARD - RIDF സ്കീമിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകിയിട്ടുള്ള 506 അങ്കണവാടികളിൽ 18 അങ്കണവാടി കെട്ടിടങ്ങളുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. ജില്ല തിരിച്ചുള്ള വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു :

ജില്ല	എണ്ണം
തിരുവനന്തപുരം	4
കോട്ടയം	3
ഇടുക്കി	2
എറണാകുളം	2
പാലക്കാട്	1
വയനാട്	1
മലപ്പുറം	4
കോഴിക്കോട്	1
ആകെ	18

LIBRARY ARCHIVES Kerala Legislative Assembly